# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3635** 11.12.2018 -ലെ മറുപടിയ്ക്ക്

**<u>ഇൻറഗ്രേറ്റഡ് അദ്ധ്യാപന പരിശീലന കോഴ്സുകൾ</u>**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ് | **ഡോ. കെ. ടി. ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | നാലുവർഷ ഇൻറഗ്രേറ്റഡ് ബി.എസ്.സി/ബി.എ.- ബി.എഡ്., മൂന്നുവർഷ ഇൻറഗ്രേറ്റഡ് എം.എഡ്. ഉടങ്ങിയ ഇൻറഗ്രേറ്റഡ് കോഴ്സുകൾ ട്രെയിനിംഗ് കോളേജുകളെ ഒഴിവാക്കി ആർട്സ്& സയൻസ് കോളേജുകളിൽ മാത്രമാണോ അനുവദിക്കുന്നത്; | (എ)<br>(ബി)<br>(സി)<br>(ഡി)<br>&<br>(ഇ) | എൻ.സി.ടി.ഇ. പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് അദ്ധ്യാപന പരിശീലന കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള തുടർ നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഇത്തരം പ്രൊഫഷണൽ അദ്ധ്യാപന പരിശീലന കോഴ്സുകൾ ആർട്സ്&സയൻസ് കോളേജുകളിൽ ആരംഭിക്കുന്നത് അദ്ധ്യാപന പരിശീലനത്തിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | 2014-ൽ ഒരു വർഷ ബി.എഡ്. പ്രോഗ്രാമിന്റെ ദൈർഘ്യം രണ്ടുവർഷമാക്കി വർദ്ധിപ്പിച്ചപ്പോൾ ട്രെയിനിംഗ് കോളേജുകളിൽ കുട്ടികളുടെ എണ്ണം, ഭാവിയിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കാൻ അനുമതി നൽകാം എന്ന് നിബന്ധനയിൽ കുറച്ചിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് സീറ്റുകളുടെ എണ്ണം വർധിപ്പിക്കാൻ തയ്യാറാകുമോ; | | |
| (ഡി) | നിലവിലെ ട്രെയിനിംഗ് കോളേജുകളുടെ ഭൗതികസാഹചര്യങ്ങളും ഉന്നത വിദ്യാഭ്യാസ യോഗ്യതകളുള്ള അധ്യാപകരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള ഇൻറഗ്രേറ്റഡ് കോഴ്സുകൾ ട്രെയിനിംഗ് കോളേജുകളിൽ ആരംഭിക്കുന്നത് സംസ്ഥാനത്ത് വിദഗ്ധരായ അദ്ധ്യാപകരെ സൃഷ്ടിക്കാൻ അത്യന്താപേക്ഷിതമാണെന്ന കാര്യം പരിശോധിക്കുമോ; | | |
| (ഇ) | ഈ സാഹചര്യത്തിൽ പ്രസ്തുത കോഴ്സുകൾ ഗവൺമെൻറ്/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിൽ ആരംഭിക്കുന്നതിനായി അപേക്ഷിക്കുവാനുള്ള എൻ.ഒ.സി. നൽകുമോ എന്ന് വ്യക്തമാക്കാമോ | | |

*സെക്ഷൻ ഓഫീസർ*